## മാർഗ്ഗനിർദ്ദേശങ്ങൾ നമ്പർ –1

### പഞ്ചായത്ത്/മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ ചെലവുകളുടെ കണക്കുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. തിരഞ്ഞെടുപ്പ് സംബന്ധിച്ച ചെലവുകളുടെ കണക്കുകൾ ഇതോടാപ്പം ചേർത്തിട്ടുള്ള ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത കണക്കുകൾ കൈപ്പറ്റിയതിനുള്ള രസീത് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഇതോടൊപ്പമുള്ള ഫാറത്തിൽ തയ്യാറാക്കി ഒപ്പിട്ട് സ്ഥാനാർത്ഥിക്ക് നേരിട്ട് അല്ലെങ്കിൽ തപാൽ മാർഗ്ഗമോ നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ തിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും, ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ കാര്യത്തിൽ ജില്ലാ കളക്ടറുമാണ് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ.

2. സ്ഥാനാർത്ഥിക്ക് തിരഞ്ഞെടുപ്പിൽ യാതൊരു ചെലവും ഉണ്ടായിട്ടില്ലെങ്കിലും പ്രസ്തുത ഫോറത്തിൽ അങ്ങനെ ചെലവുകൾ ഒന്നും ഉണ്ടായിട്ടില്ല എന്ന് കാണിച്ച് റിട്ടേൺ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയുടെ നിക്ഷേപത്തുക കണ്ടുകെട്ടിയിട്ടുള്ള സംഗതിയിൽ അത് ഒരു ചെലവിനമായി തന്നെ രേഖപ്പെടുത്തേണ്ടതാണ്.

3. ഒന്നിലധികം സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥിയെ സംബന്ധിച്ച് അങ്ങനെ മത്സരിക്കുന്ന ഓരോ തിരഞ്ഞെടുപ്പിലും ചെലവുകൾ വെവ്വേറെ തയ്യാറാക്കി സമർപ്പിക്കണം.

4. തിരഞ്ഞെടുപ്പിൽ മത്സരിച്ച ഓരോ സ്ഥാനാർത്ഥിയും ഫലപ്രഖ്യാപന തീയതി മുതൽ മുപ്പത് ദിവസത്തിനകം അവരവരുടെ തിരഞ്ഞെടുപ്പ് ചെലവുകളെ സംബന്ധിച്ച കണക്കുകൾ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.

5. പ്രായോഗികമായി ഒരു വൗച്ചർ ലഭ്യമാകാത്ത, അതായത് തപാൽ, റെയിൽവേ യാത്ര മുതലായ ചെലവുകളൊഴികെ മറ്റെല്ലാ ഇനം ചെലവുകൾക്കും വൗച്ചർ ഉണ്ടായിരിക്കേണ്ടതും ആ വൗച്ചറുകൾ സ്ഥാനാർത്ഥി കണക്കിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. എല്ലാ വൗച്ചറുകളും ക്രമമായി നമ്പരിട്ടതാകണം.

6. അപ്രകാരം സമർപ്പിക്കുന്ന ഓരോ വൗച്ചറിലും സ്ഥാനാർത്ഥിയോ അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പ് ഏജന്റോ ഒപ്പുവച്ചിരിക്കണം.

7. സമർപ്പിക്കുന്ന കണക്കുകൾ സ്ഥാനാർത്ഥിയോ അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പ് ഏജന്റോ സൂക്ഷിച്ചിട്ടുള്ള കണക്കുകകളുടെ ശരി പകർപ്പ് എന്ന് സ്ഥാനാർത്ഥി തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.

8. കണക്കുകൾ സമർപ്പിച്ചതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സ്ഥാനാർത്ഥി ഒരു രസീത് വാങ്ങിയിരിക്കേണ്ടതും അത് ഒരു രേഖയായി സൂക്ഷിക്കേണ്ടതുമാണ്.

9. മതിയായ കാരണങ്ങളില്ലാതെ നിർദ്ദിഷ്ട രീതിയിലും സമയപരിധിക്കുള്ളിലും കണക്കുകൾ സമർപ്പിക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന ഓരോ സ്ഥാനാർത്ഥിയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിക്കുന്ന തീയതി മുതൽ അഞ്ച് കൊല്ലക്കാലത്തേക്ക് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനോ, അതിൽ അംഗമായിരിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

---